നടപടികൾ ആരംഭിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട് എങ്കിലും ഒരു ശമ്പള പരിഷ്കരണം നേരിടുന്നതിനുള്ള ശേഷി നമുക്കിപ്പോഴും കൈവന്നിട്ടുണ്ടെന്ന് തോന്നുന്നില്ല. ഇതിന്റെ എല്ലാ വശങ്ങളും ആലോചിച്ചശേഷം നയപരമായ ഒരു തീരുമാനം ഇതിൽ എടുക്കുന്നതായിരിക്കും.

(3) കോന്നി ആസ്ഥാനമാക്കി റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

ശ്രീ. അടൂർ പ്രകാശ് : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കലഞ്ഞൂർ, കൊടുമൺ, കോന്നി, അരുവാപ്പുലം, പ്രമാടം, തണ്ണിത്തോട്, മലയാലപ്പുഴ എന്നീ പഞ്ചായത്തുകളിൽപ്പെട്ട യുവതീ-യുവാക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് രണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആശ്രയിക്കേണ്ടി വന്നിരിക്കയാണ്. അഞ്ച് പഞ്ചായത്തുകളിലുള്ള ആളുകൾ പത്തനംതിട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും രണ്ട് പഞ്ചായത്തുകളിലുള്ള ചെറുപ്പക്കാർ അടൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലുമാണ് പോകേണ്ടി വന്നിരിക്കുന്നത്. എന്റെ നിയോജക മണ്ഡലം വളരെ വിസ്തൃതമായ ഒരു പ്രദേശമാണെന്നുള്ളതുകൊണ്ട് കിഴക്കൻ മേഖലയിലുള്ള ആളുകൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എന്തെങ്കിലുമൊരു കാര്യം സാധിക്കണമെങ്കിൽ 50-ഉം 60-ഉം കിലോമീറ്റർ യാത്ര ചെയ്തു വരണം. വാഹന സൗകര്യമില്ലാത്ത ഒരു പ്രദേശമാണ്. അത്തരം പ്രദേശങ്ങളിൽനിന്ന് ആളുകൾ കടന്നു വരുമ്പോൾ അവർക്ക് അടുത്ത ദിവസം മാത്രമേ മടങ്ങിപ്പോകുവാൻ കഴിയുകയുള്ളു. ഇപ്പോൾതന്നെ രണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 34,000-ത്തോളം യുവതീ-യുവാക്കൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുകൊണ്ട് കോന്നി കേന്ദ്രമാക്കി ഒരു റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണം. വളരെ അടിയന്തിര സ്വഭാവത്തോടുകൂടി അതിനുവേണ്ട നടപടി സ്വീകരിക്കണം എന്നുള്ളതാണ് എന്റെ ആവശ്യം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. മലയോര പ്രദേശത്ത്, വളരെ വിസ്തൃതമായ സ്ഥലത്ത്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ അപര്യാപ്തതയുണ്ട്. പതിനായിരം തൊഴിൽ ശക്തിയുള്ള സ്ഥലത്ത് ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നാണ് കണക്കു വച്ചിരിക്കുന്നത്. പക്ഷേ 34,000-ത്തോളം ആളുകൾ അവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുറക്കുന്നതിന് തടസ്സമായി നിൽക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച പ്രത്യേകതകൾ കണക്കിലെടുത്ത്, മലയോര പ്രദേശം എന്ന പ്രത്യേകതകൂടി കണക്കിലെടുത്ത്, കോന്നി ആസ്ഥാനമായി ഒരു റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് എത്രയും പെട്ടെന്ന് ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly